INSTITUTE OF DRIVER TRAINING AND RESEARCH

എടപ്പാൾ
23/10/2025

# IDTR ക്യാന്റീൻ നടത്തുന്നതിനുള്ള ടെൻഡെർ നോട്ടീസ്

**IDTR** കേരളയിലെ ക്യാന്റീൻ ഏറ്റെടുത്ത് നടത്തുന്നതിനുവേണ്ടി ടെൻഡെർ ക്ഷണിക്കുന്നു. ഒരു വ്യക്തിക്ക് ഒരു ദിവസത്തെ ഭക്ഷണത്തിനു (ബെഡ് കോഫി, ബ്രേക്ക് ഫാസ്റ്റ് , ചായ+സ്നാക്സ് - 2 നേരം, ഉച്ചഭക്ഷണം , ഡിന്നർ ഉൾപ്പെടെ) വരുന്ന ചെലവും പകൽ സമയ ഭക്ഷണത്തിന് (ചായ+സ്നാക്സ് - 2 നേരം, ഉച്ചഭക്ഷണം) വരുന്ന ചെലവും ഇതിനോടനുബന്ധമായി കൊടുത്തിരിക്കുന്ന പട്ടികയിൽ പൂരിപ്പിച്ചാണ് ടെൻഡെർ നൽകേണ്ടത്. ടെൻഡെർ ലഭിക്കുന്ന വ്യക്തി / സ്ഥാപനം **25000/- രൂപ സെക്യൂരിറ്റി ഡെപോസിററ്** ആയി കെട്ടിവെക്കേണ്ടതുണ്ട്. പ്രസ്തുത തുക ടെൻഡർ സമർപ്പിക്കുന്നതോടൊപ്പം തന്നെ IDTR അക്കൗണ്ടിൽ അടച്ച് Transaction ID യും തിയ്യതിയും ടെൻഡെറിൽ ചേർക്കേണ്ടതാണ്. കുറഞ്ഞ തുക ക്വാട്ട് ചെയ്ത വ്യക്തിക്ക് കരാർ ഉറപ്പിക്കുന്നതും മേൽ സംഖ്യ (25000 രൂപ) അവരുടെ സെക്യൂരിറ്റി ഡെപോസിറ്റ് ആയി പരിഗണിക്കുന്നതും അവർ വ്യവസ്ഥാനുസൃതമായി കരാർ അവസാനിപ്പിക്കുന്ന സമയത്ത് ഏതെങ്കിലും തരത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അതിനുള്ള തുക കുറച്ച് ബാക്കി തുക തിരികെ നൽകുന്നതുമാണ്. ടെൻഡറിൽ പങ്കെടുത്ത മറ്റു വ്യക്തികളുടെ ഡെപോസിറ്റ് തുക 2 പ്രവൃത്തി ദിവസങ്ങൾക്കകം അവരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുന്നതാണ്. ആയതിനുള്ള ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ടെൻഡറിൽ നൽകേണ്ടതാണ്. **ടെൻഡർ ലഭിച്ച വ്യക്തികൾ ഏറ്റെടുക്കാൻ വിസമ്മതിച്ചാൽ അവരുടെ ഡെപോസിറ്റ് തുക തിരിച്ചു നൽകുന്നതല്ല**.

താല്പര്യം ഉള്ളവർ **07/11/2025, 5 PM - ന്** മുൻപായി താഴെ കാണിച്ചിട്ടുള്ള അഡ്രസ്സിൽ നേരിട്ടോ, രെജിസ്റ്റേഡ് തപാൽ മുഖേനയോ **സീൽഡ് ടെൻഡെർ** ആയാണ് സമർപ്പിക്കേണ്ടത്. ടെൻഡെറിന്റെ സീൽഡ് കവറിനു ഇടതു വശത്തായി ടെൻഡെർ നൽകുന്ന ആളുടെ പേരും മേൽവിലാസവും എഴുതേണ്ടതും കവറിനു മുകൾ ഭാഗത്തായി " **IDTR ക്യാന്റീൻ നടത്തുന്നതിനുള്ള ടെൻഡെർ** " എന്നും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. IDTR ഓഫീസിൽ നേരിട്ട് ടെൻഡെർ സമർപ്പിക്കുന്നവർ രെസീത് കൈപറ്റേണ്ടതാണ്.

ടെൻഡെർ നൽകിയവർക്ക് **10/11/2025 രാവിലെ 11:30 ന്** IDTR ഓഫീസിൽ നേരിട്ട് ഹാജരായി ടെൻഡെർ തുറക്കുന്ന നടപടികളിൽ സാക്ഷിയാകാവുന്നതാണ്. ഹാജരായവരുടെ മുന്നിൽ ടെൻഡെർ തുറന്ന് തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

ഈ ടെൻഡെർ റദ്ദാക്കുവാനും നീട്ടി വെക്കാനുമുള്ള അധികാരം IDTR അധികാരികളിൽ നിക്ഷിപ്തമായിരിക്കും.

IDTR
For safer Roads
INSTITUTE OF DRIVER TRAINING AND RESEARCH

തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തിക്ക് പരീക്ഷണാടിസ്ഥാനത്തിൽ ആദ്യം ഒരു മാസത്തേക്കായിരിക്കും കരാർ നൽകുന്നത്. പ്രസ്തുത കാലയളവിൽ തൃപ്തികരമായി കാന്റീൻ നടത്തുന്ന പക്ഷം കരാർ നീട്ടി നൽകുന്നതാണ്.

ടെൻഡർ സമർപ്പിക്കുന്നതിനും വിവരങ്ങൾ അറിയുന്നതിനും ബന്ധപ്പെടേണ്ട വിലാസം താഴെ നൽകിയിരിക്കുന്നു

**IDTR കേരള**
**കാലടി പി ഒ, എടപ്പാൾ**
**മലപ്പുറം ജില്ല -679582**

**Office - 04942972100**
**Mobile - 9400172100**

Signed by
Saifuddeen K M
Date: 23-10-2025 17:28:02

ജോയിൻറ് ഡയറക്ടർ
IDTR കേരള

INSTITUTE OF DRIVER TRAINING AND RESEARCH

# ടെൻഡെർ

സ്ഥലം :
തിയ്യതി :

| 25000/- രൂപ അടച്ച Transaction ID |
|---|
| |

പ്രേഷിതൻ,

പേര് :
ആധാർ നമ്പർ :
മൊബൈൽ നമ്പർ :
അഡ്രസ്സ് :

സ്വീകർത്താവ്,

ജോയിന്റ് ഡയറക്ടർ
IDTR -കേരള

വിഷയം : IDTR കേരള - ക്യാന്റീൻ നടത്തുന്നതിന് വേണ്ടിയുള്ള ടെൻഡെർ

| നം. | ഇനം | തുക (രൂപ) |
|---|---|---|
| 1. | ഒരു ദിവസത്തെ ഭക്ഷണത്തിന് വരുന്ന ചിലവ് (ബെഡ് കോഫി, ബ്രേക്ക് ഫാസ്റ്റ് , ചായ+സ്നാക്സ്-2 നേരം, ഉച്ചഭക്ഷണം , ഡിന്നർ) | |
| 2. | പകൽ സമയ ഭക്ഷണത്തിന് വരുന്ന ചിലവ് (ചായ+സ്നാക്സ്-2 നേരം, ഉച്ചഭക്ഷണം) | |

| **Deposit തുക തിരികെ നൽകുന്നതിനുള്ള Bank Details** | |
|---|---|
| Account holder Name | |
| Account Number | |
| Bank name & branch | |
| IFSC code | |

പേര് :

ഒപ്പ് :

PS : ഈ ഫോർമാറ്റ് പ്രിന്റ് എടുത്ത് , പൂരിപ്പിച്ച് , കവറിലിട്ട്, ഒട്ടിച്ച് , കവറിനു പുറത്ത് " **IDTR കാന്റീൻ നടത്തുന്നതിനുള്ള ടെൻഡെർ** " എന്ന് വ്യക്തമായി രേഖപ്പെടുത്തി നേരിട്ടോ രെജിസ്റ്റേഡ് തപാൽ മുഖേനയോ ആണ് ടെൻഡെർ സമർപ്പിക്കേണ്ടത്.